ഭരണ ഭാഷ മാതൃഭാഷ

ഇ.മെയിൽ : dir.dme@kerala.gov.in,
dmekerala@gmail.com

ഫാക്സ് : 0471-2443080

ഫോൺ: (ഓഫീസ് ) : 0471-2528575
ഡയറക്ടർ: 0471-2444011
മെഡിക്കൽകോളേജ്. പി.ഒ,
തിരുവനന്തപുരം–695011

കേരള സർക്കാർ

**മെഡിക്കൽ വിദ്യാഭ്യാസ കാര്യാലയം**

---

**നമ്പർ. എച്ച് 1/51 /2019 / മെ.വി.വ.** **തീയതി:14-06-2024**

**പരിപത്രം**

വിഷയം : മെ.വി.വ- ജീവനകാര്യം - സൈറ്റോടെക്നീഷ്യൻ തസ്തികയിൽ നിയമനം നൽകുന്നത് - സംബന്ധിച്ച്
പരാമർശം : സ ഉ (കൈ) നം.381/81/HD തീയതി 10.12.1981

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിനു കീഴിൽ കോഴിക്കോട് മെഡിക്കൽ കോളേജിൽ സൈറ്റോടെക്നീഷ്യൻ തസ്തികയിൽ ഒരു ഒഴിവ് നിലവിൽ ഉണ്ട് . ടി ഒഴിവിലേക്ക് പരാമർശത്തിലെ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സ്ഥാനക്കയറ്റ (തസ്തിക മാറ്റം വഴി) നിയമനം നടത്തുന്നതിലേക്ക് മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ ലബോറട്ടറി ടെക്നീഷ്യൻ ഗ്രേഡ് II തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന, ചുവടെ ചേർക്കുന്ന യോഗ്യത ഉള്ളവരിൽ നിന്നും അപേക്ഷ ക്ഷണിക്കുന്നു .

**യോഗ്യത**

1.Pre degree with Biology or Higher Secondary in Biological Science or its equivalent
2.Diploma in Medical Laboratories Technology /Certificate course.

അപേക്ഷകർ ഇതോടൊപ്പം ഉള്ളടക്കം ചെയ്തിരിക്കുന്ന proforma യഥാവിധി പൂരിപ്പിച്ച് വിദ്യാഭ്യാസ യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ അസ്സൽ സഹിതം 25/06/2024 ന മുൻപ് ബന്ധപ്പെട്ട വകുപ്പ് തലവൻ മുഖേന അതാത് പ്രിൻസിപ്പലിന് സമർപ്പിക്കേണ്ടതും , പ്രിൻസിപ്പൽമാർ പ്രസ്തുത അപേക്ഷകളും അനുബന്ധ രേഖകളും പരിശോധിച്ച് സാക്ഷ്യപ്പെടുത്തി 03/07/2024 ന് മുൻപ് ഈ ഓഫീസിൽ ലഭിക്കുന്ന തരത്തിൽ അയക്കേണ്ടതുമാണ് .വൈകി ലഭിക്കുന്ന അപേക്ഷകളും അപൂർണ്ണമായ അപേക്ഷകളും/രേഖകളായും യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല .

Signed by
Riyaz M
Date: 14-06-2024 21:20:27

RIYAZ. M
SENIOR ADMINISTRATIVE OFFICER

സ്വീകർത്താവ് ,

1. പ്രിൻസിപ്പൽ,
ഗവ.മെഡിക്കൽ കോളേജ്/ ദന്തൽ കോളേജ്, തിരുവനന്തപുരം/ആലപ്പുഴ/
കോട്ടയം/തൃശ്ശൂർ/കോഴിക്കോട്/കൊല്ലം/മഞ്ചേരി/ഇടുക്കി/കോന്നി/എറണാകുളം/കാസർകോഡ്
2.ഡയറക്ടർ,
റീജിയണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഒഫ്ത്താൽമോളജി,
തിരുവനന്തപുരം.
3.വെബ് സൈറ്റ്/ഫയൽ

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിലെ സൈടോടെക്നീഷ്യൻ (Cytotechnician) തസ്തികയിൽ നിലവിലുള്ള ഒഴിവുകൾ 10.12.1981 തീയതിയിലെ സ.ഉ.(കൈ) നം.381/81/HD എന്ന സർക്കാർ ഉത്തരവുകൾ പ്രകാരം സ്ഥാനക്കയറ്റം (തസ്തികമാറ്റം) മുഖേന നികത്തുന്നതിനുള്ള അപേക്ഷ.

| | | |
|---|---|---|
| 1. | അപേക്ഷകന്റെ പേര് | |
| 2. | അപേക്ഷകന്റെ തസ്തിക | |
| 3. | ജോലി ചെയ്യുന്ന സ്ഥാപനം | |
| 4. | യോഗ്യത, വിദ്യാഭ്യാസം | |
| 5. | ശമ്പളം,ശമ്പള നിരക്ക് | |
| 6. | സർക്കാർ സ്ഥാപനത്തിൽ പ്രവേശിച്ച തീയതിയും തസ്തികയും | |
| 7. | മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ പ്രവേശിച്ച തീയതി | |
| 8. | ഇപ്പോൾ സേവനം അനുഷ്ഠിക്കുന്ന തസ്തികയിൽ പ്രവേശിച്ച തീയതി | |
| 9. | ടി തസ്തികയിൽ നിരീക്ഷണകാല സേവനംപൂർത്തിയായതായി പ്രഖ്യാപിച്ച തീയതിയും ഉത്തരവ് നമ്പരും (സാക്ഷ്യപ്പെടുത്തിയ പകർപ്പ്) | |
| 10. | യോഗ്യമല്ലാത്ത കാലം | |

മുകളിൽ പറഞ്ഞിരിക്കുന്ന വിവരങ്ങൾ എൻറെ അറിവിലും ശ്രദ്ധയിലും പെട്ടിടത്തോളം സത്യവും ശരിയുമാണെന്ന്..........................ആയ ഞാൻ പ്രസ്താവിക്കുന്നു.മേൽപ്പറഞ്ഞ വിവരങ്ങൾ തെറ്റാണെന്ന് തെളിയുന്ന പക്ഷം എന്നെ മേൽ നിയമനത്തിൽ നിന്നും ഒഴിവാക്കാവുന്നതാണ്.

ഒപ്പ്

സ്ഥലം: പേരും തസ്തികയും:

തീയതി: സ്ഥാപനം :

അപേക്ഷയിലെ ക്രമ നം.1 മുതൽ 10 വരെ രേഖപ്പെടുത്തിയിട്ടുള്ള വിവരങ്ങൾ ടിയാളുടെ സേവന പുസ്തകവുമായി ഒത്തു നോക്കിയതിൽ നിന്നും ശരിയാണെന്ന് ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

ഒപ്പ്

സ്ഥലം: മേലധികാരിയുടെ തസ്തിക:

തീയതി:

ഓഫീസ് മുദ്ര

സ്ഥലം:

തീയതി:

പ്രിൻസിപ്പാൾ

ഓഫീസ് മുദ്ര